76 (3401) മോട്ടോർ വാഹന നികുതി

ശ്രീ. സി.കെ. നാണു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോട്ടോർ വാഹന നികുതിയിനത്തിൽ ഇപ്പോൾ ശരാശരി എത്ര തുക പ്രതിവർഷം ലഭിക്കുന്നു;

(ബി) ഇങ്ങനെ ലഭിക്കുന്ന വരുമാനം എന്താവശ്യത്തിനായിട്ടാണ് ചെലവാക്കുന്നത്;

(സി) വാഹന നികുതിയിനത്തിൽ ലഭിക്കുന്ന തുക റോഡ് സുരക്ഷിതത്വത്തിന് കൂടി വിനിയോഗിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 260 കോടി രൂപ.

(ബി) വരുമാനത്തിന്റെ ഒരു ഭാഗം റോഡുകളുടെ സംരക്ഷണത്തിനും പുനരുദ്ധാരണത്തിനുമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്കു നൽകുന്നു. ബാക്കി തുക പൊതു ഫണ്ടിന്റെ ഭാഗമായി ഉപയോഗിക്കുന്നു.

(സി) റോഡ് സുരക്ഷിതത്വത്തിനായി സംസ്ഥാന ബഡ്ജറ്റിൽ പ്രത്യേകം തുക വകയിരുത്തിയിട്ടുണ്ട്.

77 (3402) റോഡ് വെഹിക്കിൾ ടാക്സ്

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും റോഡ് വെഹിക്കിൾ ടാക്സ് ഇനത്തിൽ എന്തുതുക സ്വരൂപിക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ;

(ബി) 1996-97, 97-98 എന്നീ സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത ഫണ്ടിന്റെ വിനിയോഗം എങ്ങനെ നടത്തി എന്ന് വ്യക്തമാക്കുമോ;

(സി) 1998-99 സാമ്പത്തിക വർഷത്തിലെ ഫണ്ട് എങ്ങനെ വിനിയോഗം നടത്തണമെന്നാണ് തീരുമാനിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തുക സംസ്ഥാനത്തെ റോഡുകളുടെ വികസനത്തിനും പുനരുദ്ധാരണത്തിനുംവേണ്ടി വിനിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ തുക ഇതിനായി നൽകുവാനുള്ള കാലതാമസത്തിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)

വർഷം	ലഭിച്ച തുക
1996-97	222.6 കോടിരൂപ
1997-98	270.5 കോടിരൂപ
1998-99	288.87 കോടിരൂപ

LIBRARY ARCHIVES Kerala Legislative Assembly